**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 128** **29-01-2024 - ൽ മറുപടിയ്ക്ക്**

**ജനമൈത്രി പോലീസ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളാണ് ജനമൈത്രി പോലീസ് സ്റ്റേഷനുകൾ ആയി പ്രഖ്യാപിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകൾ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | മറ്റ് പോലീസ് സ്റ്റേഷനുകളിൽ നിന്നും വ്യത്യസ്തമായി എന്തൊക്കെ സംവിധാനങ്ങളാണ് ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പോലീസ് സേനയുടെ അടിസ്ഥാന സേവന കേന്ദ്രങ്ങളാണ് പോലീസ് സ്റ്റേഷനുകൾ. ക്രമസമാധാന പരിപാലനത്തോടൊപ്പം കുറ്റകൃത്യങ്ങൾ തടയുന്നതും അവ അന്വേഷിക്കുന്നതും പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന ചുമതലയാണ്. അതോടൊപ്പം ജനസൗഹൃദ പ്രവർത്തികൾ ജനങ്ങളിലേക്കെത്തിക്കുന്നതും പോലീസ് സ്റ്റേഷനുകൾ വഴിയാണ്. ഇത് കണക്കാക്കി പോലീസ് സ്റ്റേഷനുകളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം നൂതന സാങ്കേതിക വിദ്യയുടെ പ്രയോജനം പരമാവധി വിനിയോഗിച്ചുള്ള സംവിധാനമാണ് നിലവിലുള്ളത്. പൊതു ജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ളം, വിശ്രമിക്കുവാൻ പ്രാഥമിക സൗകര്യങ്ങളോടു കൂടിയ വിശ്രമമുറികൾ, മുതിർന്ന പൗരന്മാർക്ക് പ്രത്യേക ഇരിപ്പിടം, കുട്ടികളുടെ പരാതി നോക്കുന്നതിന് ചൈൽഡ് ഫ്രണ്ട് ലി സിസ്റ്റം, സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്കുകൾ, അംഗ പരിമിത സൗഹൃദ ടോയ്ലറ്റ് എന്നിവ പോലീസ് സ്റ്റേഷനുകളിൽ ഒരുക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷന◌ുകളിൽ പബ്ലിക് റിലേഷൻസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ജനമൈത്രി പോലീസിംഗിനായി രണ്ട് പോലീസ് ഉദ്യോഗസ്ഥരെ ബീറ്റ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.<br><br>ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുന്നതിനൊപ്പം സമൂഹ മാധ്യമങ്ങൾ വഴിയുള്ള സേവനത്തിനും മുൻതൂക്കം നൽകി വരുന്നു. ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷനുകൾ, പരാതി സമർപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ഓൺലൈൻ സംവിധാനം, മുന്നറിയിപ്പുകൾ നൽകുന്നതിനുള്ള സംവിധാനങ്ങൾ, ആധുനിക പോലീസ് സംവിധാനം ജനസൗഹൃദമാക്കുന്നതിനുള്ള ഇടപെടലുകളാണ്. |
| (സി) | ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്ക് ഇരിപ്പിടം ഉൾപ്പെടെയുള്ളവ സജ്ജമാക്കിയത് തുടർച്ചയായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിൽ ഉണ്ടോ; ഇത് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) | വിവിധ ആവശ്യങ്ങൾക്കായി എത്തിചേരുന്നവർക്ക് മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സ്റ്റേഷൻ ഹൗസ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം മേലുദ്യോഗസ്ഥരുടെ പോലീസ് സ്റ്റേഷൻ പരിശോധന (Periodical Inspection) വേളകളിൽ ഇക്കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. പാകപ്പിഴകൾ പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ